കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ,
തിരുവനന്തപുരം.

ഹാജർ : ജസ്റ്റിസ് ശ്രീ അലക്സാണ്ടർ തോമസ്,
ബഹു. ചെയർപേഴ്സൺ.

**എച്ച്.ആർ.എം.പി.നമ്പർ : 109/11/12/2024/റ്റി.വി.എം.**

പരാതിക്കാരൻ : പ്രൊഫ. ജ്യോതി നായർ, എം.ബി.ആർ.ആർ.എ-13,
മാതൃഭൂമി റോഡ്, തിരുവനന്തപുരം..

എതിർകക്ഷി :

**ഉത്തരവ് തിയതി : 2025 ഫെബ്രുവരി മാസം 04**

1. 68 വയസുള്ള പരാതിക്കാരിയുടെ അയൽക്കാരായ പത്മകുമാർ, വിനോദ്കുമാർ എന്നിവരുടെ പുരയിടങ്ങളിൽ ജീവന് ഭീഷണിയായി നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റണമെന്നാണ് പരാതിയിലെ ആവശ്യം.

2. മേൽ പരാതിയിൽ കമ്മീഷൻെറ 12-11-2024 തിയതിയിലെ ഇടക്കാല ഉത്തരവ് പാലിച്ചുകൊണ്ട് തിരുവനന്തപുരം നഗരസഭ സെക്രട്ടറിക്കു വേണ്ടി ഹെൽത്ത് ഇൻസ്പെക്ടർ ഇന്ന് നേരിട്ട് ഹാജരായി നഗരസഭ സെക്രട്ടറിയുടെ 21-12-2024 തിയതിയിലെ റിപ്പോർട്ട് സമർപ്പിച്ചു. ഹർജിക്കാരൻ ഇന്ന് ഹാജരായില്ല. പരാതിയിൽ പറയുന്ന തെങ്ങ് ഹർജിക്കാരിക്ക് അപകട ഭീഷണിയാണെന്ന് സ്ഥല പരിശോധനയിൽ ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് തെങ്ങ് മുറിച്ചുമാറ്റാൻ ആവശ്യപ്പെട്ട് പുരയിട ഉടമസ്ഥരിൽ ഒരാളായ വിനോദ്കുമാറിന് 9-1-2024-ന് ആദ്യ നോട്ടീസും 15-10-2024-ൽ രണ്ടാം നോട്ടീസും നൽകിയെന്നും തുടർന്നും ഉടമ മേൽ നിർദ്ദേശം പാലിക്കാത്തതിനാൽ ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിന് 26-12-2024-ന് 3.00 മണിക്ക് നഗരസഭ ക്ലീൻ സിറ്റി മാനേജർ സോൺ-2 ൻെറ സാന്നിദ്ധ്യത്തിൽ ഹാജരാകുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും അതിൻെറ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണെന്നുമാണ് നഗരസഭ സെക്രട്ടറിയുടെ മേൽ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്.

3. അദ്യ പരിശോധന ഹെൽത്ത് ഇൻസ്പെക്ടറാണ് നടത്തിയതെന്നും 26-12-2024 ന് മരം ഉടമ ഹെൽത്ത് ഇൻസ്പെക്ടർ മുമ്പാകെ ഹാജരായി പരാതി വ്യാജമാണെന്നും ഹെൽത്ത് ഇൻസ്പെക്ടർ റാങ്കിനു മുകളിലുള്ള

ഒരു ഉദ്യോഗസ്ഥൻ ഈ വിഷയം തീരുമാനിക്കണമെന്നും പറഞ്ഞുവെന്നും ഹെൽത്ത് ഇൻസ്പെക്ടർ കമ്മീഷനെ അറിയിച്ചു. അതിനെ തുടർന്ന് നഗരസഭ ക്ലീൻ സിറ്റി മാനേജരോട് ഈ വിഷയം പരിഗണിച്ച് തീരുമാനമെടുക്കാൻ നഗരസഭ സെക്രട്ടറി നിർദ്ദേശിച്ചുവെന്നും ഹെൽത്ത് ഇൻസ്പെക്ടർ ബോധിപ്പിച്ചു.

4. ഈ സാഹചര്യത്തിൽ നഗരസഭ ക്ലീൻസിറ്റി മാനേജരെ ചുമതലപ്പെടുത്തി ഹർജിക്കാരനും അപകട ഭീഷണിയായ തെങ്ങ് നിൽക്കുന്ന പുരയിടത്തിൻെറ ഉടമക്കും മുൻകൂട്ടി നോട്ടീസ് കൊടുത്ത് അവരെ നേരിൽ കേട്ടും സ്ഥല പരിശോധന നടത്തിയും രണ്ടാഴ്ചക്കുള്ളിൽ കേരള മുനിസിപ്പാലിറ്റീസ് നിയമവും ചട്ടങ്ങളും അനുശാസിക്കുന്ന പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് പരാതി പരിഹരിക്കണമെന്ന് തിരുവനന്തപുരം നഗരസഭ സെക്രട്ടറിയോട് നിർദ്ദേശിച്ചുകൊണ്ട് കമ്മീഷൻ ഈ പരാതിയിലെ നടപടി അവസാനിപ്പിക്കുന്നു. ഹർജ്ജിക്കാരനും തിരുവനന്തപുരം നഗരസഭ സെക്രട്ടറിക്കും ഈ ഉത്തരവിൻെറ പകർപ്പ് അയക്കുക.

(ഒപ്പ്)
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)

രജിസ്ട്രാർ

j/